# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *404     04.02.2014-ൽ മറുപടിയ്ക്ക്

## കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാത്തതിന്റെ കാരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മാത്യു.റ്റി.തോമസ്**<br>**ശ്രീമതി ജമീലാ പ്രകാശം**<br>**ശ്രീ.സി.കെ.നാണു**<br>**,, ജോസ് തെറ്റയിൽ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തുകയിൽ നിന്ന് കുറഞ്ഞ നിരക്കിൽ ദർഘാസ് സമർപ്പിക്കുന്ന രീതി കുറഞ്ഞു വരുന്നത് കരാറുകാർക്ക് കുടിശ്ശിക തീർത്തുകൊടുക്കാത്തതുകൊണ്ടാണ് എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; | (എ) കുറഞ്ഞ നിരക്കിൽ ദർഘാസ് സമർപ്പിക്കുന്ന രീതി കുറഞ്ഞുവരുന്നത് കരാർ കുടിശ്ശിക തീർത്തുകൊടുക്കാത്തതു കൊണ്ടാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മരാമത്ത് കരാറുകാർ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തിയത്? | (ബി) കരാറുകാർ സമരം നടത്തിയതിന്റെ ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. കുടിശ്ശിക ബാങ്ക് നിരക്കിൽ പലിശ സഹിതം ഉടനെ നൽകുക<br>2. ചെറുകിട ഇടത്തരം കരാറുകാരുടെ തൊഴിലുറപ്പിനും ശാക്തീകരണത്തിനും നടപടി സ്വീകരിക്കുക<br>3. നിർമ്മാണ വസ്തുക്കളുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുക<br>4. സന്തുലിതവും ലളിതവും ഏകീകൃതവുമായ കരാർ വ്യവസ്ഥകൾ നടപ്പിലാക്കുക.<br>5. പൊതുമരാമത്ത് മാന്വലിലെ അപാകതകൾ നീക്കുക |

സെക്ഷൻ ഓഫീസർ